## ജനറൽ റിക്രൂട്ട്മെന്റ് – ജില്ലാതലം
## കാറ്റഗറി നമ്പർ : 382/2020

താഴെ പറയുന്ന തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള തെരഞ്ഞെടുപ്പിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1 | വകുപ്പ് | : | വിദ്യാഭ്യാസം |
| 2 | ഉദ്യോഗപ്പേര് | : | ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) മലയാളം മാധ്യമം (തസ്തികമാറ്റം വഴി) |
| 3 | ശമ്പളം | : | 29200-62400/-രൂപ |
| 4 | ഒഴിവുകളുടെ എണ്ണം | : | ജില്ലാടിസ്ഥാനത്തിൽ<br>1. തിരുവനന്തപുരം – 1 (ഒന്ന്)<br>2. കോഴിക്കോട് – 1 (ഒന്ന്)<br>3. കാസർഗോഡ് -1 (ഒന്ന്) |

**കുറിപ്പ്:-** (i) അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(ii) തസ്തികമാറ്റം വഴി നിയമനത്തിനായി മാറ്റി വയ്ക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

(iv) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലായെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971–ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR – ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

5. നിയമന രീതി : തസ്തികമാറ്റം വഴിയുള്ള നിയമനം. (പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികകയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയവരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം)

6. പ്രായപരിധി : ബാധകമല്ല.

**7. യോഗ്യതകൾ :–**

1)ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി.എഡ്/ബി.റ്റി ബിരുദവും. (ബന്ധപ്പെട്ട വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് (iii) ൽ നൽകിയിരിക്കുന്നത് നോക്കുക).

2)കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ–ടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ് ഷൻ** – ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

കുറിപ്പ്– (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) 31.03.2012 –ന് മുൻപ് സർവീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല .

(iii) ഹിസ്റ്ററി, ഇക്കണോമിക്സ്, ജ്യോഗ്രഫി, പൊളിറ്റിക്സ്, കൊമേഴ്സ്, ഫിലോസഫി, മ്യൂസിക്, സോഷ്യോളജി ഇവയിലേതെങ്കിലും ഐച്ഛിക വിഷയമായെടുത്ത് ബിരുദം സമ്പാദിച്ചിരിക്കണം.

(iv) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(v) മൈസൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നൽകുന്ന ബി എ എഡ് (സോഷ്യൽ സ്റ്റഡീസ്, ഇംഗ്ലീഷ് ) ഇന്റഗ്രേറ്റഡ് കോഴ്സ് നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (GO(Rt) No: 2135/2019/G Edn തീയതി04/06/2019)

(vi) ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി.എഡ്/ബി.റ്റി യോഗ്യതയുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിയ്ക്കാവുന്നതാണ്.

(vii) എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനത്തിന് താഴെ പറയുന്ന യോഗ്യതകളും സ്വീകാര്യമാണ്.

a) ഇസ്ലാമിക് ഹിസ്റ്ററി, ഉറുദു എന്നിവ ഡബിൾ മെയിനായുള്ള ബി.എ ഡിഗ്രിയും, സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും

അല്ലെങ്കിൽ

b) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും ഇൻഡ്യൻ ഹിസ്റ്ററിയും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി.എഡ് യോഗ്യതയും

അല്ലെങ്കിൽ

c) ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി.എഡ് യോഗ്യതയും

(മുകളിൽ a, b, c എന്നിവ GO(MS)No.254/90/G.Edn തീയതി 05.12.1990 പ്രകാരം)

അല്ലെങ്കിൽ

d) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി.എഡ് യോഗ്യതയും

(GO(MS)No.21/94/G.Edn തീയതി 21.02.1994)

അല്ലെങ്കിൽ

e) ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും

അല്ലെങ്കിൽ

f) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഇൻഡ്യൻ ഹിസ്റ്ററിയും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലോ

സോഷ്യൽ സ്റ്റഡീസിലോ ഉള്ള  ബി.എഡ് യോഗ്യതയും

അല്ലെങ്കിൽ

g) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും പൊളിറ്റിക്കൽ സയൻസും ജനറൽ ഇക്കണോമിക്സും സബ്സിഡിയറിയായും  ഉള്ള ബി.എ ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും

അല്ലെങ്കിൽ

h) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഔട്ട്ലൈൻസ് ഓഫ് ഇൻഡ്യൻ കൾച്ചർ ആന്റ് ഫ്രീഡം മൂവ്മെന്റും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും
(മുകളിൽ e, f, g, h എന്നിവ GO(MS)No.327/2001/G.Edn തീയതി 07.11.2001 പ്രകാരം)

(viii) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും, ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

(ix) ഈ തസ്തികയ്ക്ക് എഴുത്ത് (വിവരാണാത്മക/ഒ.എം.ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്. (OMR ഉത്തരകടലാസ് സംബന്ധിച്ച് ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.)

(x) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ

**കുറിപ്പ് :-** KS&SSR Part II Rule 10(a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

3) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്,  ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും  തസ്തികയിൽ  അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

കുറിപ്പ് മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും  താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും  കമ്മീഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കേണ്ടതുമാണ്.

## സർവ്വീസ് സർട്ടിഫിക്കറ്റ്

| | | |
|---|---|---|
| 1 | ഉദ്യോഗാർത്ഥിയുടെ പേര് | : |
| 2 | ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ  പേരും  ശമ്പള സ്കെയിലും | : |
| 3 | ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് | : |
| 4 | ഉദ്യോഗാർത്ഥി ഏത് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്നു എന്ന് | : |
| 5 | സർവ്വീസ് തുടങ്ങിയ തീയതിയും  പ്രൊബേഷൻ ആരംഭിച്ച തീയതിയും | : |
| 6 | അപേക്ഷകൻ അപ്രൂവഡ് പ്രൊബേഷണറോ ഫുൾ മെമ്പറോ എന്ന് | : |
| 7 | SC/ST/OBC എന്നിവരുടെ കാര്യത്തിൽ സമുദായം/മതം  സർവ്വീസ് രേഖകളിൽ കാണും  പ്രകാരം | : |

സേവന വിവരങ്ങൾ

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലയളവ് | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| ആകെ സർവ്വീസ് | | | | | | | |

................ സബോർഡിനേറ്റ് സർവ്വീസിൽ ഒരു അപ്രൂവ്ഡ് പ്രൊബേഷണർ / ഫുൾ മെമ്പറായ ശ്രീ/ശ്രീമതി ............................... എന്ന ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ശ്രീ/ശ്രീമതി ............................... ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) മലയാളം മാധ്യമം തസ്തികയ്ക്ക് (തസ്തികമാറ്റം വഴി) അപേക്ഷിക്കാൻ 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ പാർട്ട് 1 – റൂൾ 2(13) പ്രകാരം അർഹതയുള്ള ആളാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : ആഫീസ് തലവന്റെ ഒപ്പ്

തീയതി : പേര്, ഉദ്യോഗപ്പേര്

(ഓഫീസ് സീൽ)

**8.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **03.02.2021** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

**9. അപേക്ഷകൾ സമർപ്പിക്കേണ്ട രീതി :-**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link –ലെ Apply Now–ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31.12.2010–ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ

ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

10. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം : **www.keralapsc.gov.in**

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. വിദ്യാഭ്യാസം ,പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ക്കെതിരെ Rules of procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്

(ഫോട്ടോ, ID കാർഡ് ഉൾപ്പടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിക്കണം).

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ